بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 20.05.16 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*20.05.16 ന് മസ്ജിദ് നാസിർ സ്വീഡനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**നാം നമ്മുടെ കർമങ്ങൾകൊണ്ട് ശൈയ്ത്വാന് അവസരം നല്കുമ്പോൾ, ഭാരവാഹികളുടെ സ്വഭാവം കാരണം നമ്മുടെ കുട്ടികളെയും യുവതികളെയും ശൈയ്ത്വാൻ സഹാനുഭൂതി കാണിച്ചുകൊണ്ട് തന്റെ കൂടെ ചേർക്കുമ്പോൾ, അത്തരം ഭാരവാഹികൾ പുരുഷന്മാർ ആണെങ്കിലും സ്ത്രീകൾ ആണെങ്കിലും അവർ മസീഹ് മൗഊദിന്റെ സഹായികൾ അല്ല. മറിച്ച്, ശൈയ്ത്വാന്റെ സഹായികൾ ആണ്.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

വിശ്വസിച്ചവരേ, ശൈയ്ത്വാന്റെ കാൽപാടുകളിൽ ചരിക്കരുത്. ആരാണോ ശൈയ്ത്വാന്റെ കാൽപാടുകളിൽ ചരിക്കുന്നത് നിശ്ചയമായും അവൻ നിർലജ്ജ പ്രവർത്തനങ്ങൾക്കും അനിഷ്ട കാര്യങ്ങൾക്കും കല്പന നല്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും നിങ്ങളുടെമേൽ ഇല്ലെങ്കിൽ നിങ്ങളിൽ ഒരാൾക്കും ഒരിക്കലും വിശുദ്ധരാവാൻ സാധ്യമല്ല. എന്നാൽ, അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ വിശുദ്ധീകരിക്കുന്നു.അല്ലാഹു എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമാകുന്നു.

അല്ലാഹു ആദം സന്തതികളോടും വിശ്വാസികളോടും ശൈയ്ത്വാനിൽ നിന്ന് രക്ഷപ്പെടാനും അവന്റെ കാല്പാടുകളിൽ ചരിക്കാതിരിക്കാനും മാർഗനിർദ്ദേശം നല്കുകയും താക്കീത് ചെയ്യുകയും ചെയ്തിട്ടുള്ള ആയത്ത് ഇത് കൂടാ തെയുമുണ്ട്. ശൈയ്ത്വാൻ അല്ലാഹുവിനെ ധിക്കരിച്ചവനും അവന്റെ കല്പനകൾക്ക് എതിര് പ്രവർത്തിക്കുന്നവനും അവനോടു കലാപം ഉണ്ടാക്കുന്നവനുമായതു കൊണ്ടാണ് ഈ കൽപന. അല്ലാഹുവിനെ ധിക്കരിക്കുകയും അവന്റെ കല്പന കൾക്ക് എതിരിൽ ചരിക്കുകയും ചെയ്യുന്നവൻ തന്റെ പിന്നിൽ ചരിക്കുന്നവരെയും അവൻ സ്വയം ചെയ്യുന്നത് തന്നെയായിരിക്കും പഠിപ്പിക്കുക എന്നത് സ്പഷ്ടം. തത്ഫലമായി ശൈയ്ത്വാനു സ്വയം നരകത്തിന്റെ ഇന്ധനം ആയതിനാൽ അവൻ തന്റെ പിന്നിൽ ചരിക്കുന്നവരെയെയും നരകത്തിന്റെ ഇന്ധനം ആക്കുന്നു.. ഇതെല്ലാം വ്യക്തമായ നിലയിൽ പറഞ്ഞുകൊണ്ട് അല്ലാഹു പറയുന്നു. ശൈയ്ത്വാൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാണ് എന്ന കാര്യം മനുഷ്യർക്ക് ഇനിയും മനസ്സിലാകുന്നില്ലേ?

അതുകൊണ്ട് ഈ ശത്രുവിൽ നിന്ന് രക്ഷപ്പെടുക. ഒരു കൂട്ടർ മതത്തിന് ഒരു വിലയും നൽകാത്തവരും നരകം എന്താണെന്നോ സ്വർഗം എന്താണെന്നോ അറിയത്തവരുമാണ്. അവർക്ക് ദൈവത്തിന്റെ അസ്തിത്വത്തിലും വിശ്വാസം ഇല്ല. അവർ ദീനിന്റെ കാര്യങ്ങൾ മനസ്സിലാക്കാത്തവരും മനസ്സിലാക്കാൻ ആഗ്രഹിക്കാത്തവരുമാണ്. അത്തരം ആളുകൾ എന്തായാലും ശൈയ്ത്വാന്റെ പിന്നിൽ ചരിക്കുന്നവർ തന്നെയാണ്. എന്നാൽ, ഈമാന്റെ വാദം ഉന്നയിച്ചുകൊണ്ട് തങ്ങളെ സ്വയം മുഅ്മിൻ എന്ന് സയം പറഞ്ഞുകൊണ്ട് ശൈയ്ത്വാന്റെ പിന്നിൽ ചരിക്കുന്നവരും ഉണ്ട്. അതല്ലെങ്കിൽ അറിയാതെ ചില പ്രവൃത്തികൾ ചെയ്തുകൊണ്ട് അല്ലാഹുവിന്റെ മടിത്തട്ടിൽ വരാൻ പൂർണമായും പരിശ്രമിക്കാതെ ശൈയ്ത്വാന്റെ കാല്പാടുകളെ പിൻപറ്റുന്നവരായി മാറുന്നു. അതല്ലെങ്കിൽ അങ്ങനെ ആകാൻ സാധ്യതയുണ്ട്. അതുകൊണ്ട് ഈ ആയത്തിൽ അല്ലാഹു വിശ്വാസികളെ ഓർമപ്പെടുത്തുന്നത്, അവരോട് പറയുന്നത്, നിങ്ങൾ ശൈയ്ത്വാന്റെ കാലടികളെ പിൻപറ്ററുത് എന്നാണ്. ഞങ്ങൾ വിശ്വസിച്ചു, ഞങ്ങൾ ഇസ്ലാം സ്വീകരിച്ചു, അതു കൊണ്ട് ഇനി ഞങ്ങൾക്ക് വ്യാകുലപ്പെടാനില്ല എന്ന് വിചാരിക്കരുതെന്ന് വിശ്വാസികളെയാണ് ഇപ്രകാരം അല്ലാഹു താക്കീത് ചെയ്തിരിക്കുന്നത്. ശൈയ് ത്വാന്റെ ആക്രമണത്തിൽ നിന്നും ശൈയ്ത്വാനെ പിൻപറ്റുന്നതിൽ നിന്നും ഞങ്ങൾക്ക് വ്യാകുലപ്പെടാനില്ല എന്ന അവർ വിചാരിക്കുന്നു. അങ്ങനെയല്ല, ഇപ്പോഴും ശൈയ്ത്വാന്റെ അപകടം അതുപോലെ തന്നെ നിലനില്ക്കുന്നുണ്ടെന്ന് അല്ലാഹു പറയുന്നു. ഒരു അവിശ്വാസിയെ പോലെ വിശ്വാസിയും ശൈയ്ത്വാന്റെ കൈപിടിയിൽ അകപ്പെടാം. അതുകൊണ്ട് ശൈയ്ത്വാന്റെ ആക്രമണങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടി അല്ലാഹുവിനെ എപ്പോഴും ഓർത്തുകൊണ്ടിരിക്കുകയെന്നത് ഒരു മുഅ്മിനിന്റെ നിർബന്ധകടമയാണ്.

ഇതെല്ലാം ഇന്ന് ലോകത്ത് നടക്കുന്നതായി നാം കാണുന്നു. ഏതുവരെ എന്നാൽ ഈമാന്റെ വാദം ഉന്നയിക്കുന്നവർ പോലും ശൈയ്ത്വാന്റെ പിന്നാലെ പോകുകയാണ്. എന്നാൽ അല്ലാഹു വാർണിങ്ങ് നല്കിയിരുന്നു, താക്കീത് ചെയ്തിരിക്കുന്നു.

ഉദാഹരണമായി വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

വമൻ യഖ്തുൽ മുഅ്മിനൻ മുതഅമ്മിനൻ

ഫജസാഅഹു ജഹന്നം

ഏതൊരാളാണോ ഒരു വിശ്വാസിയെ അറിഞ്ഞുകൊണ്ട് വധിക്കുന്നത് അതിനുള്ള ശിക്ഷ നരകമായിരിക്കും. ഇന്ന് മുസ്‌ലിം ലോകത്ത് എന്തെല്ലാം കാര്യങ്ങൾ ആണ് നാടന്നു കൊണ്ടിരിക്കുന്നത്. പരസ്പരം കൊലചെയ്തുകൊണ്ട് ശൈയ്ത്വാന്റെ പിന്നാലെ പോവുന്നു. അതുപോലെ പൊതുവായ നിലയിലും ആരെയെങ്കിലും അകാരണമായി വധിക്കുകയെന്നത്, അതായത് തീവ്രവാദികൾ വിവിധ ആക്രമണങ്ങളിലൂടെ ചെയ്യുന്നത്, അത് ആരെയാണെങ്കിലും ശരി, വധിക്കുക യെന്നത് ശൈയ്ത്വാനിക പ്രവൃത്തികൾ ആണ്. നരകത്തിലേക്ക് കൊണ്ടു ചെന്നെത്തിക്കുന്നതാണ്.

ശൈയ്ത്വാന്റെ പ്രേരണയിൽ അകപ്പെട്ടുകൊണ്ട്, താൻ സ്വർഗത്തിൽ പോകുമല്ലോ എന്ന് വിചാരിച്ചാണ് ഇതെല്ലാം ചെയ്തുകൊണ്ടിരിക്കുന്നത്. നിങ്ങൾ ഈ പ്രവൃത്തിചെയ്താൽ സ്വഗത്തിൽ പോകും എന്ന് ശൈയ്ത്വാൻ പറയുന്നു. അല്ലാഹു പറയുന്നത് ഈ പ്രവൃത്തി ചെയ്താൽ സ്വർഗത്തിലേക്കല്ല, നരകത്തിലായിരിക്കും പോവുക എന്നാണ്. കാരണം, നിങ്ങൾ ശൈയ്ത്വാന്റെ പിന്നാലെയാണ് പോകുന്നത്.

തീവ്രവാദികളും കൊലയാളികളും മാത്രം ശൈയ്ത്വാന്റെ കാല്പാടുകളിലൂടെ ചരിക്കുന്നവർ ആകണമെന്നില്ല. മറിച്ച്, മനുഷ്യൻ പ്രത്യക്ഷമായ നിലയിൽ അല്ലാഹുവിന്റെ ചെറുതിൽ ചെറുതായ കല്പനപോലും ഉപേക്ഷിക്കുമ്പോൾ ശൈയ്ത്വാനിലേക്ക് മുന്നേറുകയാണ് ചെയ്യുന്നത്. അതുകൊണ്ട് വളരെ അധികം സുക്ഷ്മത പാലിക്കേണ്ട ആവശ്യം ഉണ്ട്. യഥാർത്ഥ വിശ്വാസിയായിത്തീരുന്നതിന് വളരെ അധികം ജാഗ്രത പാലിക്കേണ്ട ആവശ്യം ഉണ്ട്.. ശൈയ്ത്വാൻ മനുഷ്യ രെ വഴിതെറ്റിക്കുമ്പോൾ, തിന്മകൾക്ക് പ്രേരണ നല്കുമ്പോൾ, അല്ലാഹുവിന്റെ കല്പനകൾ ധിക്കരിക്കുന്നതിലേക്ക് കൊണ്ട് പോകുമ്പോൾ, തുറന്ന നിലയിൽ നിങ്ങൾ ഇപ്രകാരം ചെയ്യൂ, ധിക്കരിക്കൂ, അല്ലാഹുവിൽ നിന്ന് വിദൂരപ്പെടൂ ഇന്ന ഇന്ന തിന്മകൾ ചെയ്യൂ എന്നല്ല പറയുന്നത്. മറിച്ച്, നന്മയുടെ മറ പറ്റിയാണ് തിന്മയിലേക്ക് കൊണ്ടു പോകുന്നത്. തിന്മകൾ വ്യാപിക്കുന്നതെങ്ങനെയാണ്, തിന്മകൾ ഒരു സ്ഥലത്ത് നിന്ന് വ്യാപിച്ച് ഒരു വിശാലമായ പ്രദേശത്തെ തന്റെ കൈപിടിയിൽ ഒതുക്കുന്നതെങ്ങനെയാണ് എന്ന കാര്യത്തിലേക്കും ഞാൻ ഓതിയ ഈ ആയത്ത് വെളിച്ചം വീശുന്നു. ശൈയ്ത്വാന്റെ കാല്പാടുകളിൽ മനുഷ്യൻ ചരിക്കുമ്പോൾ, ഒന്നിന് ശേഷം മറ്റൊന്നിൽ മനുഷ്യൻ തന്റെ കാലുകൾ വെക്കുമ്പോൾ അതിന്റെ അർത്ഥം തിന്മകളെ വ്യാപിപ്പിക്കുന്നു എന്നാണ്. ഈ സമൂഹത്തിൽ ഈ പർദക്ക് എതിരിൽ ഒരുപാട് കാര്യങ്ങൾ പറയുന്നു, ഇവരുടെ കണ്ണുകളിൽ ഇത് ഒരു തിന്മയല്ല. അതുകൊണ്ട് ഇവർ പറയുന്നു ഈ കാര്യങ്ങളെ കുറിച്ച് ശരീഅത്തിൽ കല്പനയുടെ ആവശ്യം വേണ്ടിയിരുന്നില്ല എന്ന്. ചില പെൺകുട്ടികൾ അപകർഷതാബോധത്താൽ ആളുകൾ എന്ത് പറയും എന്ന് ചിന്തിച്ച്, പർദ ധരിക്കുന്നതിൽ അയവ് വരുത്തുന്നു. എന്നാൽ, അത്തരം സമയങ്ങളിൽ പർദ അഴിച്ച് കളയുന്ന പെൺകുട്ടിക്കും സ്ത്രീക്കും ഇത് വിശുദ്ധ ഖുർആനിൽ പറഞ്ഞിരിക്കുന്ന കല്പനയാണ് എന്ന ചിന്തയുണ്ടായിരിക്കുകയില്ല.

മാതാപിതാക്കളും ചെറുപ്പത്തിൽ തന്നെ കുട്ടികളിൽ ഈ കാര്യം ഉണ്ടാകിയെടുക്കേണ്ടതാണ്. അതായത്, ഇസ്ലാമിക അധ്യാപനങ്ങൾ അനുസരിക്കാത്ത നിങ്ങൾ നാണിക്കേണ്ടത്. അല്ലാതെ, അല്ലാഹുവിന്റെ കല്പനകൾ അനുസരിക്കുന്നതിലല്ല. ഇതുപോലെതന്നെ ആൺകുട്ടികളിലും സമൂഹം സ്വതന്ത്രമായതുകാരണം ചില തിന്മകൾ നിശബ്ദം പ്രവേശിക്കുന്നു. പിന്നീട് ഒരു തിന്മയിൽ ആൺകുട്ടികൾ അകപ്പെടുമ്പോൾ അവരിൽ മറ്റു തിന്മകളും ഉണ്ടാകാൻ തുടങ്ങുന്നു. അവയിലും ഇവർ അകപ്പെടുന്നു. ശൈയ്ത്വാനിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടി വീടുകളിൽതന്നെ അത്തരം സന്നാഹം ഉണ്ടാക്കി യെടുക്കേണ്ട ആവശ്യം ഉണ്ട്. അവന്റെ എല്ലാ ആക്രമണങ്ങളിൽ നിന്നും രക്ഷപ്പെടണമെന്ന് മാത്രമല്ല അവന്റെ ആക്രമണത്തിന് അവന് മറുപടിയും നല്കണം. ശൈയ്ത്വാന്റെ സ്നേഹത്തെ സ്നേഹമാണെന്ന് കരുതി അതിനെ ജീവിതത്തിൽ കടന്നു കൂടാൻ അനുവദിക്കരുത്. മറിച്ച്, എല്ലായിപ്പോഴും ഇസ്തിഗ്ഫാർ ചെയ്തു കൊണ്ട് അല്ലാഹുവിന്റെ അഭയത്തിൽ വരാൻ എല്ലാ അഹ്മദികളും പരിശ്രമിക്കേണ്ടതാണ്. ശൈയ്ത്വാനിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടിയുള്ള ഏറ്റവും വലിയ അഭയം അല്ലാഹു തന്നെയാണ്. കാരണം, ഇസ്തിഗ്ഫാറാണ് മനുഷ്യന് അല്ലാഹുവിന്റെ അഭയത്തിൽ എത്തിച്ചേരാനുള്ള മാർഗം. ഒരു മനുഷ്യനും അറിഞ്ഞുകൊണ്ട് ഒരു തിന്മയിലേക്കും പോകാറില്ല.

ശൈയ്ത്വാൻ നന്മയുടെ അത്യാഗ്രഹം ഹൃദയത്തിൽ ഇട്ടുകൊടുത്തുകൊണ്ടാണ് മനുഷ്യനെ പുറത്ത് കൊണ്ടുവരുന്നത് എന്ന കാര്യം വ്യക്തമാണ്. അതല്ലെങ്കിൽ അത്യാഗ്രഹം നല്കിക്കൊണ്ട് മാത്രമേ ഒരു വിശ്വാസിയെ അല്ലാഹുവിന്റെ അഭയത്തിൽ നിന്ന് പുറത്ത് കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് സ്വാതന്ത്രത്തിന്റെ പേരിൽ ആൺകുട്ടികളു ടേയും പെൺകുട്ടികളുടേയും സ്വാതന്ത്രമായ ഇടപഴകലുകളെ, ഒറ്റക്ക് കണ്ടിമുട്ടുന്നതിനെ, ഒരു നിന്ദ്യതയായി ഗണിക്കാത്ത ഈ സമൂഹത്തിൽ അഹ്മദികൾ പ്രത്യേകമായ നിലയിൽ ജാഗ്രതയോടുകൂടി ഇരിക്കേണ്ടതാണ്. തന്നെയുമല്ല, കേവലം അറിയാത്ത ആൺകുട്ടികളും പെൺകുട്ടികളും മുഖേന മാത്രമല്ല തിന്മകൾ ഉണ്ടാകുന്നത്. മറിച്ച് ഇതും കാണാൻ സാധിച്ചിട്ടുണ്ട്. സ്വാതന്ത്രത്തിന്റെയും സൗഹൃദത്തിന്റേയും പേരിൽ വിവാഹിതരായ ആളുകളുടെ വീടുകളിൽ ഒരു വിലക്കും ഇല്ലാതെയുള്ള വരവും പോക്കും പ്രശ്നങ്ങളുണ്ടാക്കുന്നു. അങ്ങനെ കുടുംബം ശിഥിലമാകുന്നു.

തിന്മകളിൽ ഇന്ന് ടി.വി.യും ഇന്റർനെറ്റും ഉൾപ്പെടു

ന്നു. അധികം വീടുകളും പരിശോധിക്കുകയാണെങ്കിൽ വലിയവർ മുതൽ ചെറിയവർ വരെ രാവിലെ ഫജ്ർ നമസ്കാരം കൃത്യസമയത്ത് അനുഷ്ഠിക്കാതിരിക്കാനുള്ള കാരണം ഒന്നുകിൽ രാത്രി വൈകിവരെ ടി.വി കാണുകയോ അല്ലെങ്കിൽ ഇന്റർനെറ്റിൽ ഇരിക്കുകയോ ചെയ്യുന്നതുകൊണ്ടാണ്. തത്ഫലമായി രാവിലെ കണ്ണ് തുറക്കുകയില്ല. എന്നല്ല, അത്തരം ആളുകൾക്ക് രാവിലെ നമസ്കരിക്കാനായി എഴുന്നേല്ക്കണം എന്ന ശ്രദ്ധപോലും ഉണ്ടാകാറില്ല. ഈ രണ്ട് കാര്യങ്ങളും, അതുപോലെ തന്നെ ഇത്തരത്തിലുള്ള നിരവധി കാര്യങ്ങൾ ഒന്നോ രണ്ടോ തവണ മാത്രമല്ല നിങ്ങളുടെ നമസ്കാരങ്ങൾ പാഴാകുന്നത്. മറിച്ച്, ഇത് ശീലമായി തീരുന്നവർ നിത്യവും രാത്രി വൈകിവരെ പരിപാടികൾ കണ്ട് കൊണ്ടിരിക്കുകയോ ഇന്റർനെറ്റിന്റെ മുൻപിൽ ഇരിക്കുകയോ ചെയ്യുന്നതിനാൽ രാവിലെ നമസ്കാരത്തിനായി എഴുന്നേൽക്കുക എന്നത് അവർക്ക് പ്രയാസകരമായിരിക്കും. എന്നല്ല എഴുന്നേൽക്കാറില്ല. നമസ്കാരത്തിന് ഒരു പ്രാധാന്യവും നൽകാത്തവരുമുണ്ട്. നമസ്കാരം എന്ന് പറയുന്നത് ഒരു അടിസ്ഥാനകാര്യമാണ്. അത് അനുഷ്ഠിക്കേണ്ടത് ഏതായിരുന്നാലും നിർബന്ധമാണ്. ഏതുവരെ എന്നാൽ, യുദ്ധത്തിലും പ്രയാസത്തിലും രോഗത്തിന്റെ അവസ്ഥയിൽ പോലും, മനുഷ്യൻ ഇരുന്നുകൊണ്ടോ, കിടന്നുകൊണ്ടോ, യുദ്ധത്തിന്റെയും, യാത്രയുടേയും അവസരത്തിൽ ഖസ്ർ ചെയ്തുകൊണ്ടോ അനുഷ്ടിക്കാവുന്നതാണ്. ഏതായിരുന്നാലും എന്ത് തന്നെയായാലും അനുഷ്ഠിക്കണം. സാധാരണ അവസ്ഥയിൽ പുരുഷന്മാരോട് ജമാഅത്തായിക്കൊണ്ടും സ്തീകൾക്ക് സമയത്തും അനുഷ്ഠിക്കാനുമുള്ള കല്പനയാണുള്ളത്. എന്നാൽ ശൈയ്ത്വാൻ കേവലം ഒരു ഭൗതിക പരിപാടിയുടെ ദുരാഗ്രഹം നല്കിക്കൊണ്ട് നമസ്കാരത്തിൽനിന്ന് ദൂരെ കൊണ്ട് പോകുന്നു. ഒരുപാട് വീടുകളിൽ അസ്വസ്ഥതക്ക് കാരണം ഭാര്യയോടുള്ള അവകാശവും കുട്ടികളോടുള്ള കടമയും നിറവേറ്റപ്പെടാത്തതാണ്. കാരണം പുരുഷന്മാർ രാത്രിയിൽ ടി.വി. യിലും ഇന്റർനെറ്റിലും നിരർത്ഥകമായ പരിപാടികൾ കാണുന്നതിൽ മുഴുകിയിരിക്കുകയായിരിക്കും. ഒരു അഹ്മദി ഭവനം എല്ലാ രോഗങ്ങളിൽ നിന്നും രക്ഷപ്പെടാനായി പരിശ്രമിക്കേണ്ടതാണ്.

റസൂൽ തിരുമേനി (സ) ക്ക് വിശ്വാസികളെ ശൈയ്ത്വാന്റെ ആക്രമണങ്ങളിൽ നിന്ന് രക്ഷപ്പെടുത്തുന്നതിനായി എത്രമാത്രം വ്യാകുലത ഉണ്ടായിരുന്നു! റസൂൽ തിരുമേനി (സ) ഞങ്ങൾക്ക് ഈ ദുഃആ പഠിപ്പിച്ച് തന്നു: അല്ലാഹുവേ, ഞങ്ങളുടെ പരിഷ്കരണം നടത്തേണമേ ഞങ്ങളെ സമാധാനത്തിന്റെ മാർഗത്തിൽ പഠിപ്പിച്ചാലും ഞങ്ങൾക്ക് അന്ധകാരത്തിൽ നിന്ന് മോക്ഷം നല്കികൊണ്ട് പ്രകാശത്തിലേക്ക് നയിക്കേണമേ, ഞങ്ങളുടെ ആന്തരികവും ബാഹ്യമായ തിന്മകളിൽ നിന്ന് രക്ഷപ്പെടുത്തിയാലും, ഞങ്ങൾക്കായി ഞങ്ങളുടെ ചെവികളിലും, കണ്ണുകളിലും, ഞങ്ങളുടെ ഹൃദയങ്ങളിലും ഞങ്ങ ളുടെ ഭാര്യമാരിലും ഞങ്ങളുടെ മക്കളിലും അനുഗ്രഹം നല്കിയാലും. ഞങ്ങളിൽ കാരുണ്യത്തോടുകൂടി തിരിഞ്ഞാലും നി ശ്ചയമായും നീ മാത്രമാണ് തൗബ സ്വീകരിക്കുന്നവനും കൂടെ കൂടെ കരുണ ചൊരിയുന്നവനും, ഞങ്ങളെ നിന്റെ നിഅ്മത്തുകൾക്ക് നന്ദി കാണിക്കുന്നവരും അതിനെ നല്ല രീതിയിൽ സമരിക്കുന്നവരും അതിനെ സ്വീകരിക്കുന്നവരും ആക്കിത്തീർക്കേണമേ, അല്ലാഹുവേ, ഞങ്ങളിൽ അനുഗ്രഹം പൂർത്തിയാക്കിയാലും.

ലോകത്തിലെ തെറ്റായ ആഘോഷത്തിൽ നിന്നും മറ്റെ ല്ലാവിധത്തിലുള്ള തിന്മകളിൽ നിന്നും ശൈയ്ത്വാന്റെ അക്രമണങ്ങളിൽ നിന്നും തടയുന്നതിനുള്ള ദുഃആയാണ് ഇത്. അല്ലാഹു നമുക്ക് എം.ടി.എ. നല്കിയിരിക്കുന്നു, അല്ലാഹു നമുക്ക് ജമാഅത്തിന്റെ ആത്മീയവും വൈജ്ഞാനികവുമായ പരിപാടികൾക്കായി വെബ്സൈറ്റും നല്കിയിട്ടുണ്ട്. നാം നമ്മുടെ കൂടുതൽ ശ്രദ്ധ ഈ ഭാഗത്തേക്ക് ആകുമ്പോഴായിരിക്കും നാം അല്ലാഹുവിന്റെ സമീപസ്ഥരായിത്തീരുക, ശൈയ്ത്വാനിൽ നിന്ന് രക്ഷപ്പെടുന്നവരായിത്തീരുക. വീട്ടിലെ എല്ലാവരും ഒരുമിച്ച്കൊണ്ട് ഏറ്റവും ചുരുങ്ങിയത് എല്ലാ ആഴ്ചയും എം. ടി.എ യിൽ ഖുത്ബ നിർബന്ധമായും കേൾക്കാനും ചുരുങ്ങിയത് ദിവസവും ഒരു മണിക്കൂർ എം.ടി.എ യിലെ മറ്റു പരിപാടികൾ കാണാനും എല്ലാം അഹ്മദി ഭവനങ്ങളും നിർബന്ധമാക്കേണ്ടതാണ്. അതുകൊണ്ട് ഇതനുസരിച്ച് ആര് പ്രവർത്തിച്ചാലും നിശ്ചയമായും ഇതുമുഖേന ദീനി പ്രയോജനം ലഭിക്കുന്നതോടൊപ്പം ശൈയ്ത്വാനിൽ നിന്നും ദൂരപ്പെടുകയും ചെയ്യുന്നതായിരിക്കും. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിലേക്ക് ശ്രദ്ധയുണ്ടാകുന്നതായിരിക്കും. വീടുകൾക്ക് ഇത് മുഖേന സമാധാനവും ലഭിക്കുന്നതായിരിക്കും. റസൂൽ തിരുമേനി (സ) നമുക്ക് ദുഃആ മുഖേന പഠിപ്പിച്ചിരുന്നതു പോലെ, ഇതിൽ ബർക്കത്തും ഉണ്ടാകുന്നതാണ്.

അതോടൊപ്പം മാതാപിതാക്കളുടെ ഒരു നിർബന്ധ കടമ ഇതുകൂടിയാണ്. കുട്ടികളെ പള്ളിയുമായി അടുപ്പിക്കുകയും ശാഖാ സംഘടനകളുടെ പരിപാടികളിൽ ഉൾപെടുത്തുകയും ചെയ്യുക എന്നത്. ഇവിടെ ഞാൻ ശാഖാ സംഘടനകളോടും ജമാഅത്തി വ്യവസ്ഥിതിയോടും, ശാഖാ സംഘടനകൾ പ്രത്യേകിച്ചും, പറയാൻ ആഗ്രഹിക്കുന്നത് യുവഖാദിമീകളേയും അവരാണ് സംരക്ഷിക്കേണ്ടത് എന്നാണ്. നാസിറാത്തുകളേയും യുവതികളായ ലജ്നകളെയും സംരക്ഷിക്കേണ്ടത് അനിവാര്യമാണ്. ഇത് ശാഖാ സംഘടനകളുടെ വലിയ ഉത്തരവാദിത്വം ആണ്. അവരെ ജമാഅത്തുമായി സുദൃഢമായ നിലയിൽ ബന്ധിപ്പിക്കുക. ഖുദ്ദാം വിവിധ തരക്കാരായ ഖാദിമീംകളെ പരസ്പരം കൂടെചേർക്കുന്നതിന് ടീമുകൾ ഉണ്ടാക്കുക. ഭാരവാഹികൾ തങ്ങളുടെ രീതി സ്നേഹം കൊണ്ട് വളരെ ദീനുമാ

യി അടുപ്പിക്കുന്ന വിധത്തിലാക്കുക, മസ്ജിദുമായി ബന്ധിപ്പിക്കുക.

ഈ കാലഘട്ടത്തിൽ മസീഹ് മൗഊദ് (അ) മുഖേന ശൈയ്ത്വാനുമായുള്ള അവസാനത്തെ യുദ്ധത്തിനുവേണ്ടിയാണ് നാം അദ്ദേഹത്തിൽ വിശ്വസിച്ചത്. എന്നാൽ നാം നമ്മുടെ കർമങ്ങൾകൊണ്ട് ശൈയ്ത്വാന് അവസരം നല്കുക യാണെങ്കിൽ, ഭാരവാഹികളുടെ സ്വഭാവം കാരണം നമ്മുടെ കുട്ടികളെയും യുവതികളെയും ശൈയ്ത്വാൻ സഹാനുഭൂതി കാണിച്ചുകൊണ്ട് തന്റെ കൂടെ ചേർക്കുകയാണെങ്കിൽ, അത്തരം ഭാരവാഹികൾ പുരുഷന്മാർ ആണെങ്കിലും സ്ത്രീകൾ ആണെങ്കിലും അവർ മസീഹ് മൗഊദിന്റെ സഹായികൾ അല്ല. മറിച്ച്, ശൈയ്ത്വാന്റെ സഹായികൾ ആണ്.

ആയതിനാൽ, ഓരോ ഭാരവാഹിയും പ്രത്യേകിച്ച് ഈ ഒരു പരിശ്രമം നടത്തണം. അവർ സ്വയം തങ്ങളെയും ശൈയ്ത്വാന്റെ ആക്രമണത്തിൽ നിന്ന് രക്ഷപ്പെടുത്തണം. ജമാഅത്ത് അംഗങ്ങളെയും രക്ഷപ്പെടുത്തണം.

അല്ലാഹു ചെയ്ത അനുഗ്രഹം മനസിലാക്കേണ്ടതാണ്. അല്ലാഹുവിന്റെ പ്രീതി കരാസ്ഥമാക്കേണ്ടതുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അഹ്മദിയ്യത്ത് സ്വീകരിക്കാനുള്ള തൗഫീഖ് നല്കി കൊണ്ടും അവരെ അഹ്മദി ഭവനങ്ങളിൽ ജനിപ്പിച്ചു കൊണ്ടും ഔദാര്യം ചെയ്തിരിക്കുന്നു എന്ന കാര്യം ബുദ്ധിയുള്ള എല്ലാ അഹ്മദികളും യുവാക്കളായ ആൺകുട്ടികളും പെൺകുട്ടികളും ഓർക്കേണ്ടതാണ്. അതുകൊണ്ടാണ് അവർ തങ്ങളേക്കാൾ വലിയവരുടേയോ നാമധാരിയായ മുതി ർന്നവരുടേയും ഭാരവാഹികളുടേയോ പെരുമാറ്റം കാരണം തങ്ങളെ സ്വയം ദീനിൽ നിന്ന് ദൂരപ്പെടുത്തുന്നത്. മറിച്ച് ശൈയ്ത്വാനെ പരാജയപ്പെടുത്തുന്നതിൽ നിന്ന് മസീഹ് മൗഊദിന്റെ സഹായികളായി മാറേണ്ടതാണ്.

അതുപോലെ തന്നെ പ്രത്യേകിച്ച് അവരും ആരുടെ മേലാണോ ദീനിസേവനത്തിന്റെ ജോലി ഏല്പിച്ചിരിക്കുന്നത്, ജമാഅത്ത് അംഗങ്ങളുടെ മാർഗദർശനവും തർബിയ്യത്തും ആരെയാണോ ഏല്പിച്ചിരിക്കുന്നത് അവർ തങ്ങളുടെ വാക്കും പ്രവൃത്തിയും അല്ലാഹുവിന്റെ പ്രീതിക്ക് അനുസൃതമായി തീർക്കാൻ പരിശ്രമിക്കുക. അല്ലാഹുവിനോട് ആത്മാർത്ഥതയോടുകൂടി ദുഃആ ചെയ്യുക. അല്ലാഹുവേ, അവർ കാരണം ആരെയും ശൈയ്ത്വാന്റെ വലയിൽ ആക്കിക്കളയരുതേ. എന്നല്ല ഒരിക്കലും ഒരു ജമാഅത്ത് അംഗവും ശയ്ത്വാന്റെ പിന്നാലെ പോകുന്നവരായിത്തീരരുതേ.

ഹദ്റത് മസീഹ് മൗഊദ് (അ) ഇസ്തിഗ്ഫാറിലേക്ക് ശ്രദ്ധക്ഷണിച്ച്കൊണ്ട് ഒരു സ്ഥലത്ത് പറയുന്നു,

അല്ലാഹു എല്ലായിപ്പോഴും ഇസ്തിഗ്ഫാർ ചെയ്യാനായി നിർദേശിച്ചിരിക്കുന്നു. മനുഷ്യൻ എല്ലാ തിന്മകൾക്കും വേണ്ടി, അത് ആന്തരികമാകട്ടെ, ബാഹ്യമാകട്ടെ അത് അയാൾക്ക് അറിവുള്ളതാകട്ടെ,അല്ലാത്തതാകട്ടെ, കാലിന്റെയും, കയ്യിന്റെയും, നാവിന്റെയും, മൂകിന്റെയും, കണ്ണിന്റെയും, ചെവിയുടേയും എല്ലാ തിന്മകളിൽ നിന്നും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുക. പറയുന്നു, ഇക്കാലത്ത് ആദം നബി (അ) യുടെ ദുഃആ ചെയ്യേണ്ടതാണ്. ആ ദുഃആ എന്താണ്.

ഞങ്ങളുടെ നാഥാ ഞങ്ങൾ ഞങ്ങളുടെ ജീവനോട് തന്നെ അക്രമം പ്രവർത്തിച്ചിരിക്കുന്നു, നീ ഞങ്ങൾക്ക് പൊറുത്തുതരുന്നില്ല എങ്കിൽ, ഞങ്ങളോട് കരുണകാണിക്കുന്നില്ല എങ്കിൽ ഞങ്ങൾ നഷ്ടപ്പെട്ടവരിൽ പെട്ടുപോകുന്നതാണ്.. പിന്നീട് മറ്റൊരു സ്ഥലത്ത് നമ്മെ ഉപദേശിച്ചുകൊണ്ട് അവിടുന്ന് പറഞ്ഞു,

പ്രിയപ്പെട്ടവരേ, അല്ലാഹുവിന്റെ കല്പനകളെ യാതൊരു വിലയും ഇല്ലാത്ത രീതിയിൽ നോക്കിക്കാണുന്ന ഇക്കാലത്തെ ഫിലോസഫിയുടെ വിഷം നിങ്ങളിൽ സ്വാധീനം ചെലുത്താതിരിക്കട്ടെ. ഒരു കൊച്ചു കുട്ടിയെപ്പോലെ ആയിത്തീർന്നുകൊണ്ട് അവന്റെ കല്പനകൾക്ക് കീഴിൽ നടന്ന് കൊള്ളുവിൻ. നമസ്കരിക്കുവിൻ, എന്തെന്നാൽ അത് എല്ലാ ശക്തികളുടെയും താക്കോൽ ആകുന്നു, നീ നമസ്കാരത്തിനായി എഴുന്നേറ്റ് നില്ക്കുമ്പോൾ ആചാരം അനുഷ്ഠിക്കുന്നത് പോലെ ചെയ്യാതിരിക്കുക. മറിച്ച് നമസ്കാരത്തിന് മുമ്പ് ഏതുവിധേനയാണോ പ്രത്യക്ഷമായ വുളു ചെയ്യുന്നത്, അതുപോലെ ആന്തരിക വുളുകൂടി ചെയ്യുക. തങ്ങളുടെ അവയങ്ങളെ ദൈവേതര ചിന്തകളിൽ നിന്ന് കഴുകി വൃത്തിയാക്കുകയും ചെയ്യുക. പ്രത്യക്ഷമായ നിലയിൽ വെള്ളം കൊണ്ടാണ് തങ്ങളുടെ അവയവം കഴുകുന്നത്. തങ്ങളുടെ ഹൃദയത്തെ, അവയവങ്ങളെ എല്ലാ വിധത്തിലുള്ള ദൈവേതരങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിവെക്കുക. അതിനുശേഷം നിങ്ങൾ രണ്ട് വുളുവോടുകൂടി നമസ്കാരത്തിനായി നില്ക്കുക. നമസ്കാരത്തിൽ ഒരുപാട് ദുഃആ ചെയ്യുക. കരയുന്നതും വിലപിക്കുന്നതും നിങ്ങളുടെ ശീലമാക്കുക; നിങ്ങളിൽ കരുണ ചൊരിയുന്നതിനുവേണ്ടി. സത്യം അവലംബിക്കുക, കാരണം അവൻ നിങ്ങളെ കാണുന്നുണ്ട്. എല്ലായിപ്പോഴും എല്ലാ കാര്യങ്ങളിലും സത്യസന്ധത കൈകൊള്ളുക. എല്ലാ അവസ്ഥയിലും അല്ലാഹു എന്നെ കാണുന്നുണ്ട് എന്ന ചിന്തയുണ്ടായിരിക്കണം. നിങ്ങളുടെ ഹൃദയം ഏതു വിധത്തിലാണ് എന്നാണ് അവൻ നോക്കുന്നത്. മനുഷ്യന് അവനെയും വഞ്ചിക്കാൻ സാധിക്കുമോ? അവന്റെ മുന്നിലും കുതന്ത്രങ്ങൾ വിലപ്പോകുമോ.? അങ്ങേയറ്റം നിർഭാഗ്യവാനായ മനുഷ്യൻ ദൈവം തന്നെയില്ല എന്ന മട്ടിൽ തന്റെ ദ്രോഹപ്രവർത്തനങ്ങൾ പാരമ്യതയിൽ എത്തിക്കുന്നു. അപ്പോൾ അവൻ വളരെ പെട്ടെന്ന് തന്നെ നശിപ്പിക്കപ്പെടുന്നു. അല്ലാഹു അവനെ തെല്ലും വിലവെക്കുന്നതല്ല.

പറയുന്നു, പ്രിയപ്പെട്ടവരേ, ഈ ലോകത്തിലെ കേവല തർക്കശാസ്ത്രം ഒരു ശൈയ്ത്വാൻ ആണ്. ഈ

ലോകത്തിന്റെ പൊള്ളയായ ഫിലോസഫി ഒരു ഇബ്‌ലീസ് ആണ്. കേവലം തർക്കശാസ്ത്രങ്ങളുടെ ലോജിക്കും ഒക്കെ ശൈയ്ത്വാനിക കാര്യങ്ങൾ ആണ്. മാത്രമല്ല, നമുക്ക് അല്ലാഹുവിനേയും അന്വേശിക്കേണ്ടതുണ്ട്.

പറയുന്നു, അത് ഈമാന്റെ പ്രകാശത്തെ അങ്ങേയറ്റം നിഷ്പ്രഭമാക്കുന്നു. കേവലം തർക്കശാസ്ത്രവും, ഫിലോസഫിയും അനുസരിച്ച് നടന്നാൽ ഈമാനിന്റെ പ്രകാശം ഇല്ലാതായിത്തീരും. ഇത് നിർഭയത്വം ഉണ്ടാക്കി വളരെ അടുത്ത് തന്നെ നിരീശ്വരത്വത്തിലേക്ക് കൊണ്ടെത്തിക്കുകയും ചെയ്യും. അതിനാൽ നിങ്ങൾ അതിൽ നിന്ന് സ്വയം രക്ഷിച്ചുകൊള്ളുക. ഒരു ദരിദ്രന്റെയും മിസ്ക്കീന്റെയും പോലെയുള്ള ഹൃദയം ഉണ്ടാക്കുക. ഒരു വിധത്തിലുള്ള മടിയും കാണിക്കാതെ കല്പനകൾ അംഗീകരിക്കുന്നവരായി മാറുക. ഒരു വിധത്തിലുള്ള മടിയും കൂടാതെ അല്ലാഹുവിന്റെ കല്പനകൾ അംഗീകരിക്കുന്നവരായി മാറുക. കുട്ടി തന്റെ മാതാവിനെ അനുസരിക്കുന്നതു പോലെ.

വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾ തഖ്‌വയുടെ ഉന്നത പടവുകളിൽ നിങ്ങളെ എത്തിക്കുന്നു. അതിലേക്ക് നിങ്ങൾ കാത് കൂർപിക്കുക. അതിനെ അനുസൃതമായി തങ്ങളെ രൂപപ്പെടുത്തുക. നാം ശൈയ്ത്വാന്റെ കാല്പാടുകളിൽ ചരിക്കുന്നതിൽ നിന്ന് രക്ഷപ്പെടുന്നവരായി അല്ലാഹു മാറ്റട്ടെ. അല്ലാഹുവിന്റെ മുന്നിൽ കുനിഞ്ഞുകൊണ്ട് അവനോട് സഹായം ചോദിച്ച്കൊണ്ട് അവന്റെ കല്പനകളിൽ ചരിക്കുന്നവരായിത്തീരട്ടെ. വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവരായി തീരട്ടെ. അല്ലാഹു നമുക്ക് ശൈയ്ത്വാനെ പരാജയപ്പെടുത്തുന്ന തന്റെ ആ പ്രിയപ്പെട്ടവനെ വിശ്വസിക്കാനുള്ള തൗഫീഖ് നല്കിയതിന് നന്ദി പ്രകടിപ്പിക്കുന്നവരായി തീരട്ടെ. നാം ഹദ്റത് മസീഹ് മൗഊദ് (അ) ചെയ്തിരിക്കുന്ന ബൈഅത്തിന്റെ പ്രതിജ്ഞയുടെ കടമ നിറവേറ്റുന്നവരായിത്തീർന്നുകൊണ്ട് ശൈയ്ത്വാന്റെ എല്ലാ അക്രമങ്ങളേയും പരാജയപ്പെടുത്തുന്നവരിൽ അല്ലാഹു നമ്മെ ഉൾപെടുത്തുമാറാകട്ടെ. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ


Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Masjid Nasir, Sweden – on 20.05.16
Malayalam Translation : **Moulvi Arif Mohammed B.M**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516



If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala